"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എഞ്ചിനിയറിംഗ് വിംഗ്, തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ആയ ശ്രീമതി ദേവി രാമചന്ദ്രനെ (PEN-691658) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ. എഞ്ചിനീയർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.2878/2022/LSGD തീയതി,തിരുവനന്തപുരം, 21-11-2022

---

പരാമർശം:-

1. സർക്കുലർ നം.42/2013/ധന തീയതി 10.05.2013
2. സ.ഉ.(പി) നം.580/2013/ധന തീയതി 28.11.2013
3. സ.ഉ(കൈ) നം.162/2018/തസ്വഭവ തീയതി 08.11.2018
4. സ.ഉ.(സാധാ) നം.1800/2021/ത.സ്വ.ഭ.വ തീയതി 20.09.2021
5. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 02.07.2022-ലെ ഇ1/8956/22/സി.ഇ/എൽ.എസ്.ജി.ഡി നമ്പർ കത്ത്
6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 14.09.2022, 15.11.2022 തീയതികളിലെ NREGA/136/2022-E3 നമ്പർ കത്തുകൾ.

## ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ, പരാമർശം (3) ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ എഞ്ചിനീയർ തസ്തികയിൽ പരാമർശം (4) ഉത്തരവ് പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച വന്ന ശ്രീമതി റാണി എസ്. രാജിന്റെ അന്യത്ര സേവന കാലാവധി അവസാനിച്ച സാഹചര്യത്തിൽ, പദ്ധതിയുടെ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ടി തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിലെ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എഞ്ചിനിയറിംഗ് വിംഗിൽ മലപ്പുറത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ആയ ശ്രീമതി ദേവി രാമചന്ദ്രനെ (PEN-691658) അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരാമർശം (6) പ്രകാരം ശുപാർശ സമർപ്പിക്കുകയുമുണ്ടായി. ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എഞ്ചിനിയറിംഗ് വിംഗ് ചീഫ് എഞ്ചിനിയർ പരാമർശം (5) പ്രകാരം എതിർപ്പില്ലാ രേഖ (NOC) നൽകിയിട്ടുമുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ പരാമർശം (6) ശുപാർശ പ്രകാരം, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിലെ സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ. എഞ്ചിനിയർ തസ്തികയിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ

ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എഞ്ചിനിയറിംഗ് വിംഗിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (മലപ്പുറം) ആയ ശ്രീമതി ദേവി രാമചന്ദ്രനെ (PEN-691658) പരാമർശം (2)-ലെ സർക്കാർ ഉത്തരവിന് അനുസൃതമായും കെ.എസ്.ആറിലെ ചട്ടം 140(സി)-യിലെ വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ശ്രീമതി. ദേവി രാമചന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മലപ്പുറം), തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വകുപ്പ്
ചീഫ് എഞ്ചിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ.എ.) വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ. & പി.ആർ.ഡി)
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 21-11-2022 15:35:19
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്